# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD-10/947/2020 dated 23.10.2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 03/04/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD-10/947/2020 dated 23.10.2020 തീയ്യതി: 03/04/2021

## പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 04-07-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ. എൻ | ഡെപ്യൂട്ടി ഡയറക്ടർ | 06-07-2020 | 27-07-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-07-2020 | 27-07-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സദാനന്ദൻ. പി.ജി, ഓഡിറ്റ് ഓഫീസർ
ശ്രീ. അരവിന്ദാക്ഷൻ. കെ.വി, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേഡ്) (13.7.2020 മുതൽ 27.7.2020 വരെ)

ശ്രീ. ഷർഫുദ്ദീൻ. എസ്.എച്ച്, അസി. ഓഡിറ്റ് ഓഫീസർ (13.7.2020 മുതൽ 27.7.2020 വരെ)
ശ്രീ. രാമകൃഷ്ണൻ. കെ.പി, അസി. ഓഡിറ്റ് ഓഫീസർ (13.7.2020 മുതൽ 27.7.2020 വരെ)
ശ്രീമതി. സരിത.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജിജീഷ്.എ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിത പോൾസൺ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ആർ. ഷീന | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 03-04-2019 |
| വി.പി. ഹരിദാസൻ | സെക്രട്ടറി | 04-04-2019 | 02-06-2019 |
| മുരളീധൻ. എ (കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-06-2019 | 18-07-2019 |
| പി. രാംജിലാൽ | സെക്രട്ടറി | 19-07-2019 | 22-07-2019 |
| ആർ. ഷീന | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-07-2019 | 25-07-2019 |
| കെ.കെ. ജയകുമാർ | സെക്രട്ടറി | 26-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ദിലീപ് വർമ്മ.എം | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ആർ. ഷീന | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. ഫാജിഷ് വഹാബ്. എ | വി.ഇ.ഒ സർക്കിൾ I | 01-04-2019 | 23-07-2019 |
| ശ്രീ. പ്രമോദ്. ആർ (ചാർജ്ജ്) | വി.ഇ.ഒ സർക്കിൾ I | 24-07-2019 | 25-10-2019 |
| ശ്രീമതി. അഞ്ജു. എസ്. | വി.ഇ.ഒ സർക്കിൾ I | 26-10-2019 | 13-01-2020 |
| ശ്രീ. പ്രമോദ്. ആർ (ചാർജ്ജ്) | വി.ഇ.ഒ സർക്കിൾ I | 14-01-2019 | 31-03-2020 |
| | | | |

| | | | |
|---|---|---|---|
| ശ്രീ. പ്രമോദ്. ആർ | വി.ഇ.ഒ സർക്കിൾ II | 01-04-2019 | 31-03-2020 |
| ഡോ. ജയന്ത്. വി.ആർ | സൂപ്രണ്ട്, സാമൂഹികാരോഗ്യ കേന്ദ്രം | 01-04-2019 | 31-03-2020 |
| ഡോ. മുബഷീറ. എം. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-07-2019 |
| ഡോ. പ്രഭാത്. എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-08-2019 | 31-03-2020 |
| ഡോ. സി. ശ്രീകല | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-10-2019 |
| ഡോ. എ.വി. അരവിന്ദ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-11-2019 | 06-02-2020 |
| ഡോ. മനോജ്. വി. തോമസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 07-02-2020 | 31-03-2020 |
| ശ്രീമതി. അംബിക. കെ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ഫാത്തിമുത്തു സുഹ്റാബീവി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. ജയപ്രകാശ്.സി.സി. | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഡീന ആന്റണി | വെറ്ററിനറി ഡോക്ടർ | 01-04-2019 | 25-11-2019 |
| ഡോ. രാജേഷ് | വെറ്ററിനറി ഡോക്ടർ | 26-11-2019 | 31-03-2020 |
| ശ്രീമതി. റാണി. ആർ. ഉണ്ണിത്താൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-9 |
| 9 | തൊഴിൽ നികുതി- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-11 |
| 10 | റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-12 |
| 11 | ഉപയോഗക്രമത്തിന് അനുസരിച്ച് വസ്തുനികുതി പരിഷ്ക്കരിച്ചിട്ടില്ല<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-13 |
| 12 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-14 |
| 13 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-15 |
| 14 | വാട്ടർ ചാർജ്ജ്- 18,81,127/- രൂപ കുടിശ്ശിക<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-16 |
| 15 | അങ്കണവാടികളുടെ നവീകരണം- ട്രസ്റ്റ് പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചു<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-17 |
| 16 | കുടിവെള്ള പദ്ധതികളുടെ മോട്ടോർഷെഡിന് അധിക | 1-18 |

| | | |
|---|---|---|
| | നിരക്ക് അനുവദിച്ചു<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | |
| 17 | മരാമത്തു പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിനുള്ള പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-19 |
| 18 | വിവിധ പദ്ധതികളിലായി നീക്കം ചെയ്യപ്പെട്ട പഴയ ഉരുപ്പടികൾ പഞ്ചായത്തിൽ തിരികെ ഏല്പിച്ചില്ല<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-20 |
| 19 | അടിയത്തു പാടത്ത് വസ്ത്രനിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-21 |
| 20 | ഘടക സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ- മുൻകൂർ നൽകുന്നത് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തി ക്രമീകരിക്കുന്നില്ല<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-22 |
| 21 | വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-23 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-24 |
| 23 | എസ്.എസ്.കെ പ്രോജക്ടുകൾ സംബന്ധിച്ച്<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-25 |
| 24 | ലൈഫ് പദ്ധതി അവലോകനം<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-26 |
| 25 | കന്നുകുട്ടി പരിപാലന പദ്ധതി - പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-27 |
| 26 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- മതിയായ തുക വകയിരുത്തിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-28 |
| 27 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്ത് ഫണ്ടിന് ബാധ്യതയാകുന്നു<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-29 |
| 28 | ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-30 |
| 29 | ഫോട്ടോസ്റ്റാറ്റ്ചാർജ്ജ്-ആവർത്തന ചെലവുകൾ കുറവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-31 |

| | | |
|---|---|---|
| 30 | തൊഴിലുറപ്പു പദ്ധതി<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 1-32 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | കുടിവെള്ള പദ്ധതികളുടെ മോട്ടോർഷെഡിന് അധിക നിരക്ക് അനുവദിച്ചു<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 3-1 |
| 2 | അങ്കണവാടികളുടെ നവീകരണം-ട്രസ്സ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 3-2 |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയതിന്റെ വിവരങ്ങൾ<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: P.G.Sadanandan (Audit Officer)<br>Last Updated By: N Satheesan (Deputy Director, On 03-04-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഓഡിറ്റ് സാക്ഷ്യപത്രം |
| 3 | വിവിധ പത്രികകൾ |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

27.02.2019 തീയതിയിലെ 2(2) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 27.03.2020 ലെ 1(1) നം തീരുമാനം പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. മുന്നിരിപ്പ് 23195266 രൂപയും പ്രതീക്ഷിത വരവ് 241102356 രൂപയും പ്രതീക്ഷിത ചെലവ് 257542168 രൂപയും നീക്കിയിരിപ്പ് 6755454 രൂപയും ആണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31.07.2020 | 18.06.2020 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17395020 |
| വരവ് | 104650142 |
| ആകെ | 122045162 |
| ചെലവ് | 110608324 |
| നീക്കിയിരിപ്പ് | 11436838 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17918972 | 17918972 | 13916531 | 4002441 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 14584702 | 14584702 | 5484068 | 9100634 |
| വികസന ഫണ്ട്-ടി.എസ്.പി | | 216183 | 216183 | 650070 | 151183 |
| മെയിന്റനൻസ്, റോഡ് | 0 | 21135000 | 21135000 | 8245610 | 12889390 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5796000 | 5796000 | 4378526 | 1417474 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 13464319 | 13464319 | 5345042 | 8119277 |
| ബി.ഫണ്ട് | 0 | 1570560 | 1570560 | 1570560 | 0 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 20942908 | 20942908 | 20942908 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8045 | 1102264 | 1110309 | 1107300 | 3009 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി. ഡി.എസ് | 842566 | 924971 | 1767537 | 986299 | 781238 |
| | PYCKA | 146657 | 4900 | 151557 | 0 | 151557 |
| | NMBS | 87625 | 0 | 87625 | 649 | 86976 |
| | TSC | 2364 | 94 | 2458 | 2458 | 0 |
| | IWDP | 97959 | 3848 | 101807 | 119 | 101688 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | വിമുക്തി+ എംഎൻ ലക്ഷം വീട് | 3210100 | 8569312 | 11779412 | 8029225 | 3750187 |
| | ശുചിത്വമിഷൻ | 1027179 | 842000 | 1869179 | 1394214 | 474965 |
| | കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2617644 | 2681750 | 5299394 | 4571250+ 667644 (Refund) | 60500 |
| | ജില്ലാ പഞ്ചായത്ത് | 557924 | 1149476 | 1707400 | 1020000+ 15691 (Refund) | 671709 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട്, ജി.പി.ജി& മറ്റുള്ളവ | 1668153 | 20428650 | 22096803 | 19495100 | 2601703 |
| | ബാങ്ക് (SBT) | 12342450 | 27531393 | 39873843 | 32559535 | 7314308 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 268 | 201434731 | 158 | 78341992 | - | 111 | 58.95 |

ഐ.കെ.എം ചെലവ് പത്രിക പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 9093030 | 4426709 | 48.6 |
| വെറ്ററിനറി സർജൻ | 6 | 6 | 2788500 | 627453 | 22.5 |
| മെഡിക്കൽ | 3 | 2 | 831504 | 581572 | 69.9 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ (സി.എച്ച്.സി) | | | | | |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | 1 | 1 | 1000000 | 1000000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| പ്രധാനാധ്യാപകൻ | 11 | 6 | 3170522 | 2480643 | 78.2 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16 | 12 | 89015560 | 26195824 | 29.4 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 5 | 4789000 | 3132747 | 65.4 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 608620 | 463620 | 76.17 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 159 | 82 | 61767553 | 25335693 | 41 |
| സെക്രട്ടറി | 46 | 28 | 23347242 | 10766531 | 46.1 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 7 | 4923200 | 3231200 | 65.6 |
| ആകെ | 268 | 158 | 201434731 | 78341992 | 38.89 |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 181560 | 149 |
| കർഷക തൊഴിലാളി പെൻഷൻ | 4963800 | 969 |
| വിധവാ പെൻഷൻ | 8632800 | 1471 |
| വാർദ്ധക്യകാല പെൻഷൻ | 13481100 | 2304 |
| വികലാംഗ പെൻഷൻ | 1941800 | 336 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 300000 | 10 |
| അവിവാഹിത പെൻഷൻ | 612000 | 103 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.07.2020, 2.15 പി.എം ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25357 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ തൊഴിൽനികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ല എന്ന് കാണുന്നു. പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന 39 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തു നികുതി പിരിവിലും വസ്തുനികുതി കണക്കാക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നു. വ്യാവസായിക/ വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നികുതി ഈടാക്കുന്നതായി കാണുന്നു. വസ്തു നികുതി ഇനത്തിലും വാടക ഇനത്തിലും പഞ്ചായത്തിന് വലിയ തുക പിരിഞ്ഞു കിട്ടാനുണ്ട്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്തിന് ബാധ്യതയാകാത്ത വിധത്തിൽ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന വെള്ളക്കരത്തിൽ ന്യായമായ വർധന വരുത്താവുന്നതാണ്. വെള്ളക്കരമിനത്തിലും പഞ്ചായത്തിന് വൻതുക പിരിഞ്ഞു കിട്ടാനുണ്ട്. ഓഡിറ്റ് വർഷാവസാനത്തിൽ ഈയിനത്തിൽ 18,81,127 രൂപ കുടിശ്ശികയുണ്ട്.

## <u>1-11 തൊഴിൽ നികുതി- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്</u>

2019-20 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽനികുതി ഡിമാന്റ്, പിരിവ് എന്നിവയുമായി ബന്ധപ്പെട്ട പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

എ)സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | 2018-19 ഡി&ഒ രജിസ്റ്ററിലെ ക്രമ നം | വാർഡ്/ കെട്ടിട നം | അർദ്ധ വർഷം |
|---|---|---|---|---|---|
| 1 | ശ്രീ ശാസ്താ മാച്ച് ഫാക്ടറി | 13 | 3 | 16/22 | 2019-20, (1) (2) |
| 2 | ശാസ്താ മാച്ച് ഇൻഡസ്ട്രീസ് | 12 | 4 | 16/189 | 2019-20, (1) (2) |
| 3 | രവി മെഡിക്കൽസ് | 6 | 34 | 12/1010 | 2019-20, (1) (2) |
| 4 | സ്പേഗ ടെക്നോളജീസ്(പ്രൈ) ലിമിറ്റഡ് | 15 | 123 | 12/1706-1710 | 2019-20, (1) (2) |
| 5 | വി വി ആർ സ്റ്റേഷണറി | 7 | 151 | 14/678 | 2019-20, (1) (2) |
| 6 | ഹോട്ടൽ ആര്യാസ് | 12 | 167 | 15/743 | 2019-20, (1) (2) |
| 7 | എസ് എസ് എം എന്റർപ്രൈസസ് | 6 | 183 | 5/636-637 | 2019-20, (1) (2) |
| | | 8 | 189 | 12/1444 | |

| | | | | | |
|---|---|---|---|---|---|
| 8 | യൂണിവേഴ്സൽ സ്റ്റീൽ സെന്റർ | 8 | 189 | 12/1444 | 2019-20, (1) (2) |
| 9 | യൂണിവേഴ്സൽ ഇൻഡസ്ട്രീസ് | 6 | 190 | 12/1442 | 2019-20, (1) (2) |
| 10 | എം എസ് മോട്ടേഴ്സ് | 15 | 199 | 10/57 | 2019-20, (1) (2) |
| 11 | ജയഭാരത് മോഡേൺ റൈസ് മിൽ | 20 | 224 | 12/480 | 2019-20, (1) (2) |
| 12 | സെന്റ് ജോസഫ് മാച്ച് ഇൻഡസ്ട്രീസ് | 12 | 254 | 17/477 | 2019-20, (1) (2) |
| 13 | ക്യൂൺസ് റെസ്റ്റോറന്റ് | 8 | 257 | 15/850 | 2019-20, (1) (2) |
| 14 | കൈരളി സർജിക്കൽസ് | 8 | 275 | 10/353 | 2019-20, (1) (2) |
| 15 | ചീരൻസ് ഓട്ടോ ഏജൻസീസ് | 5 | 384 | 9/7 | 2019-20, (1) (2) |
| 16 | അപ്സര ജ്വല്ലറി | 4 | 327 | 15/774 | 2019-20, (1) (2) |
| 17 | ഗ്രാന്റ് ഹ്യൂണ്ടായ് ഷോ റൂം | 5 | 328 | 12/1835-1839 | 2019-20, (1) (2) |
| 18 | ശ്രീ വേൽ മുരുകൻ മാച്ച് ഇൻഡസ്ട്രീസ് | 19 | 332 | 4/394 | 2019-20, (1) (2) |
| 19 | ഐശ്വര്യ ഗോൾഡ് സൂപ്പർ മാർക്കറ്റ് | 8 | 347 | 11/1161-1164 | 2019-20, (1) (2) |
| 20 | ഗ്രാന്റ് പമ്പ് ഹൗസ് ഇലക്ട്രിക്കൽസ് | 5 | 357 | - | 2019-20, (1) (2) |
| 21 | വിഷ്ണു ഡിജിറ്റൽ സൈൻ | 6 | 386 | 14/1296 | 2019-20, (1) (2) |
| 22 | ലക്ഷ്മി ഫ്യൂവൽസ് | 7 | 387 | 15/440 | 2019-20, (1) (2) |
| 23 | കാക്കശ്ശേരി സ്റ്റോഴ്സ് | 6 | 398 | 14/1131-1132 | 2019-20, (1) (2) |
| | SRBM [illegible] | 7 | | | |

| | | | | | |
|---|---|---|---|---|---|
| 24 | SBBM [illegible] | 7 | - | - | 2019-20, (1) (2) |
| 25 | അരവിന്ദം ഫുഡ് പ്രോഡക്റ്റ്സ് | 10 | 441 | | 2019-20 (1) (2) |
| 26 | ആര്യ നാച്ചുറൽ റബ്ബേഴ്സ് | 8 | 466 | 6/387 | 2019-20 (1) (2) |
| 27 | മാർജിൻ ഫ്രീ മാർക്കറ്റ് | 6 | 496 | 12/829 | 2019-20 (1) (2) |
| 28 | പ്രിയ മെഡിക്കൽസ് | 5 | 535 | 12/791 | 2019-20 (1) (2) |
| 29 | അക്ഷയ മോട്ടേഴ്സ് | 6 | 541 | 15/333 | 2019-20 (1) (2) |
| 30 | ബോബൻ പ്ലാസ ഗ്രീൻ പാർക്ക് | 5 | 542 | 19/614 | 2019-20 (1) (2) |
| 31 | ശ്രീദേവി മാച്ച് ഇൻഡസ്ട്രീസ് | 10 | 558 | 9/521 | 2019-20 (1) (2) |
| 32 | മഹിമ മോട്ടേഴ്സ് | 6 | 595 | 15/727 | 2019-20 (1) (2) |
| 33 | CVM ഫാബ്രിക്സ് | 6 | 631 | 14/830 | 2019-20 (1) (2) |
| 34 | ലക്ഷ്മി ഫുഡ് വേൾഡ് | 6 | 640 | 14/1331-32 | 2019-20 (1) (2) |
| 35 | ഹോട്ടൽ ടോൾഗേറ്റ് | 10 | 666 | 19/748 | 2019-20 (1) (2) |
| 36 | ശിവ റാം മാച്ച് ഇൻഡസ്ട്രീസ് | 14 | 713 | 9/543 | 2019-20 (1) (2) |
| 37 | കിങ്ങ്സ് ബീർ& വൈൻ പാർലർ | - | 256 | 15/851 | 2019-20 (1) (2) |
| 38 | ശ്രീ നാരായണ ഗ്യാസ് ഏജൻസി | - | 450 | 12/100-105 | 2019-20 (1) (2) |
| 39 | ബീന സലാം ക്വാറി | - | 630 | - | 2019-20 (1) (2) |

മേൽ സ്ഥാപനങ്ങളെ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ബി)സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നുള്ള സ്ഥാപന തൊഴിൽ നികുതിയും ക്ഷീര സഹകരണ സംഘങ്ങൾ, തിയേറ്ററുകൾ എന്നിവയിലെ ജീവനക്കാരുടെ തൊഴിൽനികുതിയും 2019-20 സാമ്പത്തിക വർഷത്തിൽ ഈടാക്കിയിട്ടില്ല. തൊഴിൽനികുതിയും സ്ഥാപന നികുതിയും ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

സി)തൊഴിൽ നികുതി കുറവായി ഈടാക്കി

| ക്രമ നം | സ്ഥാപനം | പേര് (തസ്തിക) | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കാവുന്നത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | മണപ്പുറം ഫൈനാൻസ് | അജയൻ (ജൂനി.അസി.) | 2019-20 (1) | 72504 | 600 | 300 | 300 |
| 2 | MGNREGS | സിനി ബാബു (ഓവർസിയർ) | 2019-20 (2) | 118770 | 1000 | 600 | 400 |
| ആകെ കുറവ് | | | | | | | 700 |

കുറവായി ഈടാക്കിയ തുക മേൽപ്പറഞ്ഞ ജീവനക്കാരിൽ നിന്നും ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്നും കുറവു വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം -3(17.7.2020)-ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

ഡി) തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം 13,750/- രൂപ ട്രേഡേഴ്സിൽ നിന്നുള്ള തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശികയുണ്ട്. ഇതിൽ 5000/- രൂപ ഈടാക്കിയതായി 17-7-20 ലെ ഓഡിറ്റ് അന്വേഷണം 3 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. ബാക്കി തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.1.19 ലെ (സി.എസ്) എ9-764/19 സർക്കുലറിൽ റേഷൻ കടകളെ തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയിൽ നിന്നും ഒഴിവാക്കാനാവുന്നതല്ലെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല. റേഷൻ കടകൾക്ക് ലൈസൻസ് വേണമെന്നുള്ളത് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും 22.07.2020ലെ ഓഡിറ്റ് അന്വേഷണം -6ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ഉപയോഗക്രമത്തിന് അനുസരിച്ച് വസ്തുനികുതി പരിഷ്കരിച്ചിട്ടില്ല

പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ഗാർഹികാവശ്യത്തിന്/ വ്യാവസായികാവശ്യത്തിനുള്ള കൈത്തറി ഷെഡ്ഡ് എന്ന നിരക്കിലുള്ള വസ്തുനികുതിയാണ് നിർണ്ണയിച്ചിട്ടുള്ളത്. ഉപയോഗക്രമം മാറുന്നതിനനുസരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ചതായി കാണുന്നില്ല. ആവശ്യമായ മാറ്റങ്ങൾ വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പരിശോധന നടത്തി നികുതി പരിഷ്കരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം 11(21-7-20)ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

| ക്രമ നം | ഡി&ഒ രജിസ്റ്ററിലെ ക്രമ നം | അപേക്ഷകന്റെ പേര് | വാർഡ്/ കെട്ടിട നം | സ്ഥാപനത്തിന്റെ തരം | നികുതി നിർണ്ണയിച്ച തരം |
|---|---|---|---|---|---|
| 1 | 184 | ജോസ്.ടി.വി, നെല്ലിയാംപാടം | 2/34 | പലചരക്ക് സാധനങ്ങൾ വിൽപ്പന | വ്യാവസായികാവശ്യത്തിനുള്ള കൈത്തറി ഷെഡ് |
| 2 | 583 | അനിത.കെ.എൻ W/O എ.ബി.ബിനേഷ് | 2/561 | സാമിൽ യൂണിറ്റ് | പാർപ്പിടാവശ്യം |
| 3 | 58 | ബാലൻ.കെ. ഗൗരീശങ്കർ | 4/655 | ചിപ്സ് കച്ചവടം | പാർപ്പിടാവശ്യം |
| 4 | 302 | ആർ.വൽസല, W/O മണി | 6/579 | കുലി അരവ് | പാർപ്പിടാവശ്യം |
| 5 | 536 | ഒ.വി.പത്രോസ്, ദൃശ്യ മാർബിൾസ് | 8/454 | ഗ്രാനൈറ്റ് വിൽപ്പന | പാർപ്പിടാവശ്യം |
| 6 | 67 | ശ്രീദേവി രാജൻ, കണ്ടം കാളിപ്പൊറ്റ, അഞ്ചുമൂർത്തിമംഗലം | 9/417 | ഹോളോബ്രിക്സ് നിർമ്മാണം | പാർപ്പിടാവശ്യം |
| 7 | 145 | ജി.രാമൻ, ശ്രീ ലക്ഷ്മി നിവാസ്, അഞ്ചുമൂർത്തിമംഗലം | 9/568 | പ്രിന്റിങ് പ്രസ്സ് | പാർപ്പിടാവശ്യം |
| 8 | 146 | സുലൈമാൻ, കാടാംകുളം | 17/312 | ഹാർഡ് വെയർ സാധനങ്ങളുടെ വിൽപ്പന | വ്യാവസായികാവശ്യത്തിനുള്ള കൈത്തറി ഷെഡ് |

ബി) വസ്തു നികുതി -7,49,505 രൂപ കുടിശ്ശികയായി നിലനിൽക്കുന്നു.

2019-20 സാമ്പത്തിക വർഷാവസാനത്തിൽ നില നിൽക്കുന്ന വസ്തു നികുതിയുടെ കുടിശ്ശിക വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | തൻവർഷ കുടിശ്ശിക | 5,88,926/- |
| 2 | മുൻവർഷങ്ങളിലെ | 1,60,583/- |

| | | |
|---|---|---|
| | കുടിശ്ശിക | |
| | ആകെ | 7,49,509/- |

കുടിശ്ശിക തുക ഈടാക്കുവാൻ ഊർജ്ജിതമായ ശ്രമം നടത്തേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ 62 മുറികൾ വാടകയ്ക്കായി നൽകിയിട്ടുണ്ട്. വാടകയിനത്തിൽ തൻവർഷം 1,89,127 രൂപയും മുൻവർഷങ്ങളിൽ 3,78,072 രൂപയും കുടിശ്ശികയായി നില നിൽക്കുന്നു. 6 മുറികൾ ഒഴിഞ്ഞു കിടക്കുന്നു. ഒഴിഞ്ഞു കിടക്കുന്ന മുറികൾ ലേലം ചെയ്ത് നൽകേണ്ടതും കുടിശ്ശിക തുകയായ 567199/- രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. 22.7.2020ലെ ഓഡിറ്റ് അന്വേഷണം -12ന് മറുപടിയായി കുടിശ്ശിക തുകയിൽ 60244/- രൂപ ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്.

## 1-15 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282(1) അനുസരിച്ച് മൂന്ന് വർഷം കാലാവധി കഴിഞ്ഞിട്ടും തിരികെ നൽകാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ അഡ്ജസ്റ്റ് ചെയ്യാത്ത ഡെപ്പോസിറ്റുകളുടെ വർഷം, ഇനം എന്നിവ തിരിച്ചുള്ള സംക്ഷിപ്തം ചേർക്കാത്തതിനാൽ 3 വർഷം കഴിഞ്ഞ ഡെപ്പോസിറ്റ് തുകകളുടെ വിവരങ്ങൾ ലഭ്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം 1990 മുതലുള്ള ഡെപ്പോസിറ്റുകൾ കാണുന്നു. 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പ് താഴെ കൊടുക്കുന്നു. ഇതിൽ കാലഹരണപ്പെട്ട തുകകൾ തനത്ഫണ്ടിലേക്ക് മാറ്റാവുന്നതാണ്.

| ക്രമനം | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇ എം ഡി | 152430 |
| 2 | സപ്ലയേഴ്സ് ഇ എം ഡി | 45533 |
| 4 | കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 86986 |
| 5 | സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 41761 |
| 6 | കോൺട്രാക്ടേഴ്സ് റിറ്റൻഷൻ | 8500 |
| 7 | മറ്റ് ഡെപ്പോസിറ്റുകൾ | 45841 |
| 8 | റെന്റ് ഡെപ്പോസിറ്റ് | 2048853 |
| 9 | ഓക്ഷൻ | 651100 |

| | | |
|---|---|---|
| | ഡെപ്പോസിറ്റ് | |
| 10 | സ്റ്റാഫുകളിൽ നിന്നുള്ള ഡെപ്പോസിറ്റ് | 25000 |
| 11 | മറ്റുള്ളവരിൽ നിന്നും ലഭിച്ച ഡെപ്പോസിറ്റുകൾ | 25000 |
| | ആകെ | 31,31,004 |

2018-19 സാമ്പത്തിക വർഷത്തിൽ ഡെപ്പോസിറ്റ് തുകകളുടെ ഇനത്തിൽ 145577/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടെന്നും 3 വർഷം കഴിഞ്ഞിട്ടുള്ള മറ്റ് ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മാറ്റുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം -4 (17.7.2020)ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

1-16 വാട്ടർ ചാർജ്ജ്- 18,81,127/- രൂപ കുടിശ്ശിക

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 69 കുടിവെള്ള പദ്ധതികളാണുള്ളത്. വിവിധ പദ്ധതികളിലായി 3250 ഗാർഹിക കണക്ഷനുകളും 36 ഗാർഹികേതര കണക്ഷനുകളും ഉൾപ്പെടുന്നു. ഗാർഹിക കണക്ഷനുകൾക്ക് 100 രൂപയും ഗാർഹികേതരത്തിന് 200 രൂപയുമാണ് പഞ്ചായത്തിലെ നിരക്ക്. 2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം വാട്ടർ ചാർജ്ജ് ഇനത്തിൽ 31,81,100/- രൂപ വരവും താഴെ പറയും വിധം കുടിശ്ശികയും നില നിൽക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | തൻവർഷ കുടിശ്ശിക | 18,64,900 |
| 2 | മുൻവർഷങ്ങളിലെ കുടിശ്ശിക | 16,227 |
| | ആകെ | 18,81,127/- |

കുടിശ്ശിക വരുത്തിയ 942 ഉണഭോക്താക്കൾക്ക് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം-5 (17-7-20) ന് മറുപടിയായി അയച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 അങ്കണവാടികളുടെ നവീകരണം- ട്രസ്സ് പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചു

പ്രവൃത്തിയുടെ പേര് :പാളയം, കാരയങ്കാട് അങ്കണവാടി നവീകരണം

പ്രൊജക്റ്റ് നം. : 218/19

അടങ്കൽ : 155000 (MG (NR) )

ചെലവ് : 155000

ബിൽ നം. : 10/19-20/27.6.2019

എം.ബുക്ക് നം. : 38/18-19

കരാറുകാരന്റെ പേര് : ബിജു.എം. മാത്യു

മേൽ എം.ബുക്ക് ഇനം 2 പ്രകാരം പാളയം, കാരയങ്കാട് അങ്കണവാടികളുടെ ട്രസ്സ് വർക്കിന് 0.5 Mm GI പ്രൊഫൈൽ ഷീറ്റാണ് ഉപയോഗിച്ചത് എന്ന് രേഖപ്പെടുത്തി 755.42 രൂപ/M2 നിരക്കിൽ 123.36 M2 അളവ് ചെയ്തതിന് 93189 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ 22.7.2020 ന് എൽ.എസ്.ജി.ഡി ഓവർസീയറുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ 0.30

Mm GI പ്രൊഫൈൽ ഷീറ്റാണ് ഉപയോഗിച്ചത് എന്ന് ബോധ്യമായി. 0.30 Mm GI പ്രൊഫൈൽ ഷീറ്റിന് അനുവദിക്കാവുന്ന നിരക്ക് 550 രൂപ/M2 ആയതിനാൽ 123.36 M2 അളവ് പ്രവൃത്തി ചെയ്തതിന് അനുവദിക്കാവുന്ന തുക 67848 (550 X 123.36m2) രൂപ മാത്രമാണ്. ആയതിനാൽ ഈ ഇനത്തിൽ അധികമായി 25341 (93189- 67848) രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ 9/23.7.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതുവരെ അധികം നൽകിയ 25341 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 3-2 കാണുക)

## 1-18 കുടിവെള്ള പദ്ധതികളുടെ മോട്ടോർഷെഡിന് അധിക നിരക്ക് അനുവദിച്ചു

പദ്ധതി :- കുറുവായ് ഞരമ്പൻകുളമ്പ് പാടശേഖര സമിതി ലിഫ്റ്റ് ഇറിഗേഷൻ

പ്രൊജക്റ്റ് നമ്പർ :-125/19 (വികസന ഫണ്ട്)

അടങ്കൽ :- 300000

ചെലവ് :- 246429

ബിൽ നമ്പർ :- 9/19-20/27.6.2019

കരാറുകാരൻ :- കെ.വി. രാമചന്ദ്രൻ

എം.ബി :- 42/18-19

കുറുവായ് ഞരമ്പൻകുളമ്പ് പാടശേഖര സമിതി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്കുവേണ്ടി മേൽ എം.ബുക്ക് ഇനം 5 പ്രകാരം 1.5m X 1.5m അളവിലുള്ള മോട്ടോർ ഷെഡ് സ്ഥാപിച്ചതായി രേഖപ്പെടുത്തുകയും 35000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 1.5m X 1.5m അളവിലുള്ള മോട്ടോർ ഷെഡിന് അനുവദനീയമായ നിരക്ക് 30000 രൂപയാണ്. ആയതിനാൽ ഈ ഇനത്തിൽ 5000 രൂപ അധികമായി കരാറുകാരന് നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയിലെ അപാകം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ 8/21.7.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ 5000രൂപ കരാറുകാരനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ അധികം നൽകിയ തുക 5000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക)

## 1-19 മരാമത്തു പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിനുള്ള പിഴ ഈടാക്കിയില്ല

മരാമത്തു പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. ഭാഗികമായോ പൂർണ്ണമായോ കരാറുകാരന്റെ പിഴവുമൂലം കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി മാത്രമേ ആയത് അനുവദിക്കാവൂ. ഇപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ (പൂർത്തീകരണ കാലാവധിയുടെ 25% )പി.എ.സി യുടെ 1 ശതമാനവും രണ്ടാം തവണ (പൂർത്തീകരണ കാലാവധിയുടെ 25% ) പി.എ.സി യുടെ 2 ശതമാനവും ഈടാക്കേണ്ടതാണെന്ന് 1.2.2012 ലെ സ.ഉ (പി)13/2012/പിഡബ്ല്യൂഡി പൊതുമരാമത്തു മാന്വൽ, സെക്ഷൻ 2112-1 ൽ വ്യക്തമാക്കിയിട്ടുണ്ട്. പൂർത്തീകരണ കാലാവധിയുടെ 50% ൽ കൂടുതൽ കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതല്ല. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണം അനുവദിക്കപ്പെട്ട കാലയളവിനെക്കാൾ ദീർഘിച്ചിട്ടുണ്ടെങ്കിലും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. മുൻകൂട്ടികാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവൃത്തി നിശ്ചയിക്കപ്പെട്ട സമയപരിധിക്കകം പൂർത്തിയാക്കാൻ കഴിയാത്തപക്ഷം പ്രസ്തുത തീയതിക്കു മുമ്പായി പൂർത്തീകരണ

കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതും അപേക്ഷയിൽ രേഖപ്പെടുത്തിയ കാരണം അസിസ്റ്റന്റ് എഞ്ചിനീയർ വിലയിരുത്തി ആയത് സത്യസന്ധമാണെങ്കിൽ കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതുമാണ്. ഇത്തരം നടപടികൾ സ്വീകരിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. പദ്ധതിയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

പ്രവൃത്തിയുടെ പേര് :1 ചല്ലപടി റോഡ് മെറ്റലിങ് & ടാറിങ്
പ്രൊജക്ട് നം. : 214/19 (MG-R)
പി.എ.സി : 300000
ചെലവ് : 300000
ബിൽ നം. :12/19-20/27.6.2019
എം.ബുക്ക് നം. : 48/18-19
സൈറ്റ് കൈമാറിയ തീയ്യതി : 31.8.2018
കരാറുകാരന്റെ പേര് : പി.ഗംഗാധരൻ
ബി.പ്രവൃത്തിയുടെ പേര് : പഴഞ്ചരി റോഡ് പുനരുദ്ധാരണം
പ്രൊജക്ട് നം. : 56/19 (MG-R)
പി.എ.സി : 300000
ചെലവ് : 300000
ബിൽ നം. : 11/2019-20/27.6.2019
എം.ബുക്ക് നം. : 55/18-19
സൈറ്റ് കൈമാറിയ തീയ്യതി : 3.9.2018
കരാറുകാരന്റെ പേര് : കെ.എം.ജോസ്
പൂർത്തിയാക്കേണ്ട തീയതി : 31.1.2019 (150 ദിവസം)
പൂർത്തിയാക്കിയ തീയതി : 28.3.2019

മേൽ പ്രവൃത്തികളിലെ അപാകങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ 8/21.7.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥലം വിട്ടു നൽകുന്നതിലെ പ്രാദേശിക തർക്കങ്ങളും സെപ്റ്റംബർ മാസത്തിലും അതിനെ തുടർന്നും ഉണ്ടായ പ്രളയവും കൊണ്ടാണ് പ്രവൃത്തി നീണ്ടു പോയിട്ടുള്ളത് എന്നും ഈ വസ്തുകൾ വിലയിരുത്തിയാണ് പൂർത്തീകരണം ദീർഘിപ്പിക്കാൻ അനുമതി നൽകിയത് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവയെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കാത്തത് തെറ്റാണെന്ന് ബോധ്യമായിട്ടുണ്ടെന്നും മേലിൽ ആവർത്തിക്കില്ലെന്നും അറിയിച്ചിട്ടുണ്ട്.

(സി) പ്രവൃത്തിയുടെ പേര് : ചേറുംകോട് ലിങ്ക് റോഡ് പാർശ്വഭിത്തി, കൾവർട്ട് നിർമ്മാണം
പ്രൊജക്ട് നം. : 30/19 (SCP)
പി.എ.സി : 300000
ചെലവ് : 286164
ബിൽ നം. : 22/2019-20/26.8.2019
എം.ബുക്ക് നം. : 7/18-19
സൈറ്റ് കൈമാറിയ തീയ്യതി : 16.8.2018
കരാറുകാരന്റെ പേര് : രാജമണി.ആർ
പൂർത്തിയാക്കേണ്ട തീയതി : 13.1.2019 (150 ദിവസം)
പൂർത്തിയാക്കിയ തീയതി : 27.5.2019

പ്രവൃത്തിക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുത്തശേഷം 5 മാസം കഴിഞ്ഞ് 11.3.2019 നാണ് ആദ്യ പ്രവൃത്തിയായ മൺപണി ആരംഭിച്ചത്. മേൽ പ്രവൃത്തികളിലെ അപാകങ്ങൾ

ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ 8/21.7.2020 നമ്പർ ഓഡിറ്റ് അന്വഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ സെപ്റ്റംബർ മാസത്തിലും അതിനെ തുടർന്നും ഉണ്ടായ പ്രളയവും കൊണ്ടാണ് പ്രവൃത്തി നീണ്ടു പോയിട്ടുള്ളത് എന്നും പ്രവൃത്തി ചെയ്യുന്നതിനുള്ള സ്ഥലം കുളത്തിന്റെ സൈഡിലൂടെയുള്ള റോഡ് ആയതിനാൽ സൈഡ് കെട്ടുന്ന പ്രവൃത്തി ചെയ്യുന്നതിന് കുളത്തിലെ വെള്ളം വറ്റിക്കേണ്ട ആവശ്യം ഉള്ളതിനാലും ആയത് വിളവെടുപ്പ് കഴിഞ്ഞശേഷമേ ചെയ്യാൻ കഴിയൂ എന്നതിനാലുമാണ് പ്രവൃത്തി തുടങ്ങാൻ വൈകിയത് എന്നും ഈ വസ്തുകൾ വിലയിരുത്തിയാണ് പൂർത്തീകരണം ദീർഘിപ്പിക്കാൻ അനുമതി നൽകിയത് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവയെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കാത്തത് തെറ്റാണെന്ന് ബോധ്യമായിട്ടുണ്ടെന്നും മേലിൽ ആവർത്തിക്കില്ലെന്നും അറിയിച്ചിട്ടുണ്ട്.

കരാറുകാരൻ നിയമാനുസൃത സമയപരിധിക്കുള്ളിൽതന്നെ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ പൂർത്തീകരണ കാലാവധി ദീഘിപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 വിവിധ പദ്ധതികളിലായി നീക്കം ചെയ്യപ്പെട്ട പഴയ ഉരുപ്പടികൾ പഞ്ചായത്തിൽ തിരികെ ഏല്പിച്ചില്ല

എ. പ്രവൃത്തിയുടെ പേര് : പൊത്തപ്പാറ കുടിവെള്ള പദ്ധതി

പ്രൊജക്ട് നം. : 179/20 ( തനതുഫണ്ട്)

അടങ്കൽ : 110000

ചെലവ് : 103166

ചെക്ക് നം. : 799993/4.2.2020

എം.ബുക്ക് നം. : 79/19-20

കരാറുകാരന്റെ പേര് : കെ.വി. രാമചന്ദ്രൻ

മേൽ എം. ബുക്ക് ഇനം 1 പ്രകാരം പ്രവർത്തന രഹിതമായ 5 HP മോട്ടോറും സക്ഷൻ പൈപ്പ്, പാനൽ ബോർഡ് എന്നിവയും മാറ്റി പുതിയവ സ്ഥാപിച്ചതിന് 18135.08രൂപ/HP നിരക്കിൽ 90675.40 രൂപയും ഇനം 2 പ്രകാരം 3.2 M നീളമുള്ളതും 50mm വ്യാസമുള്ളതുമായ GI പൈപ്പ് സ്ഥാപിച്ചതിന് 449.14രൂപ/M നിരക്കിൽ 1437.25 രൂപയും കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ നീക്കം ചെയ്ത ഉരുപ്പടികൾ പഞ്ചായത്തിൽ ഏല്പിക്കുകയോ ഇവ ലേലം ചെയ്ത് തുക പഞ്ചായത്തിൽ അടവാക്കുകയോ ചെയ്തിട്ടില്ല. മേൽ പ്രവൃത്തിയിലെ അപാകങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ 8/21.7.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത മോട്ടോർ പഞ്ചായത്തിൽ തിരികെ ഏല്പിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ആയത് പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. എന്നാൽ ഇവ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും റിപ്പയർ പ്രവൃത്തി ചെയ്ത് മറ്റു കുടിവെള്ള പദ്ധതികളിൽ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇവ റിപ്പയർ ചെയ്യാൻ കഴിയാത്തപക്ഷം ലേലം ചെയ്ത് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 അടിയത്തു പാടത്ത് വസ്ത്രനിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയില്ല

പഞ്ചായത്തിലെ രണ്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് കെട്ടിടം വസ്ത്ര നിർമ്മാണ യൂണിറ്റിനായി നൽകിയെങ്കിലും കെട്ടിടത്തിന്റെ ശോച്യാവസ്ഥ കാരണം അവ ഉപയോഗിക്കാതെ അറ്റകുറ്റപ്പണികൾക്കായി മാറ്റിവെക്കുകയുണ്ടായി. പ്രസ്തുത കെട്ടിടം അറ്റകുറ്റപ്പണികൾ ചെയ്ത് വസ്ത്ര നിർമ്മാണ യൂണിറ്റ് പ്രാവർത്തികമാക്കുന്നതിനുവേണ്ടി തനതുഫണ്ട് 200000രൂപ ചെലവഴിച്ചുവെങ്കിലും നാളിതുവരെ കെട്ടിടം വസ്ത്ര നിർമ്മാണ യൂണിറ്റിനായോ, മറ്റേതെങ്കിലും സംരംഭകങ്ങൾക്കോ വേണ്ടി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

ചെലവിന്റെ വിവരം താഴെ കൊടുക്കുന്നു.

പ്രവൃത്തിയുടെ പേര് :അടിയത്തു പാടത്ത് വസ്ത്രനിർമ്മാണ യൂണിറ്റ് കെട്ടിടം നവീകരണം

പ്രൊജക്ട് നം. : 135/20

അടങ്കൽ : 200000( തനതുഫണ്ട്)

ചെലവ് : 200000

ചെക്ക് നം. : 722430/9.1.2020

എം.ബുക്ക് നം. : 38/18-19

കരാറുകാരന്റെ പേര് : ഉണ്ണികൃഷ്ണൻ.ആർ

മേൽ അപാകം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ 10/23.7.2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടം ഉപയോഗപ്രദമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ഘടക സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ- മുൻകൂർ നൽകുന്നത് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തി ക്രമീകരിക്കുന്നില്ല

പ്രോജക്റ്റ് നം. 168/20

അടങ്കൽ- ₹ 250000 (പ്ലാൻ ഫണ്ട്- റോഡിതരം)

ചെലവ്- ₹ 223000 (ട്രഷറി ബിൽ നം.07/16-07-19- Rs.33000, 15/23-09-19- Rs.125000, 27/25-01-20- Rs.65000)

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായ തയ്യാറാക്കിയ പ്രോജക്റ്റ് പ്രകാരം 223000 രൂപ മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | വാങ്ങിയ തുക (ബിൽ നം.07/16-07-19-Rs.33000) | വാങ്ങിയ തുക (ബിൽ നം.15/23-09-19-Rs.125000) | വാങ്ങിയ തുക (ബിൽ നം. 27/25-01-20-Rs.65000) | ആകെ |
|---|---|---|---|---|
| കൃഷി ഓഫീസർ | - | 30000 | - | 30000 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 10000 | 20000 | - | 30000 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | - | 25000 | 30000 | 55000 |
| സീനിയർ വെറ്ററിനറി സർജൻ | 15000 | 20000 | - | 35000 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 5000 | - | 10000 | 15000 |

| | | | | |
|---|---|---|---|---|
| ICDS സൂപ്പർവൈസർ | - | 10000 | - | 10000 |
| എച്ച്.എം., കണക്കൻതുരുത്തി യു.പി. സ്കൂൾ | - | 20000 | 25000 | 45000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 3000 | - | - | 3000 |
| ആകെ | 33000 | 125000 | 65000 | 223000 |

മേൽ പറഞ്ഞ ഉദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്കായി മുൻകൂർ നൽകിയതിന്റെ വൗച്ചറുകൾ പരിശോധിച്ചതിൽ മെഡിക്കൽ ഓഫീസർ (ആയുർവേദം) 2019-20ൽ 55000 രൂപ അനുവദിച്ചതിൽ 12100 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. കൂടാതെ വി.ഇ.ഒ യും 1108 രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ നൽകുമ്പോൾ ആയത് മുൻകൂർ രജിസറ്ററിൽ രേഖപ്പെടുത്തേണ്ടതും, വാർഷിക ധനകാര്യ പത്രികയിൽ മുൻകൂറായി രേഖപ്പെടുത്തേണ്ടതും, വൗച്ചറുകൾ ലഭ്യമാകുമ്പോൾ മുൻകൂർ തുക ക്രമീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ഒരു രേഖപ്പെടുത്തലുകളും മുൻകൂർ രജിസ്റ്ററിൽ വരുത്തിയിട്ടില്ല. ആയതിനാൽ മുൻകൂർ നൽകുമ്പോൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തി ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.16/22-07-2020)

<u>1-23 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്)170/2007/ ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

<u>വാഹനം</u>

1.Mahindra Scorpio (രജിസ്ട്രേഷൻ നം.- KL-49E-9999)

2.Tractor- (രജിസ്ട്രേഷൻ നം.- KL-09D/6749)

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.മേൽ പറഞ്ഞ ഉത്തരവ് പ്രകാരം ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

1. ലോഗ് ബുക്ക്
2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്
3. റിപ്പയർ രജിസ്റ്റർ
4. ഫ്യൂവൽ രജിസ്റ്റർ

എന്നാൽ ലോഗ് ബുക്ക് മാത്രമാണ് ഗ്രാമപഞ്ചായത്തിൽ കൃത്യമായി സൂക്ഷിച്ച വരുന്നത്. ഓരോ വാഹനത്തിന്റെയും മെയിന്റിനൻസ് ചെലവുകൾ വേർതിരിച്ച് റിപ്പയർ രജിസ്റ്റർ

സൂക്ഷിക്കുന്നുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. അതുപോലെ തന്നെ 2019-20 സാമ്പത്തിക വർഷം ഫ്യുവൽ ആവശ്യത്തിലേക്ക് ആകെ ചെലവായ തുകയുടെ സംക്ഷിപ്തം ഫ്യുവൽ രജിസ്റ്ററിൽ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. 2019-20 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വാഹനങ്ങളുടെ റിപ്പയർ ആവശ്യത്തിലേക്ക് 122142 രൂപയും, ഫ്യുവൽ (ഡീസൽ) ആവശ്യത്തിലേക്ക് 204641 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ രജിസറ്ററുകൾ അപൂർണ്ണമായതിനാൽ ഓരോ വാഹനത്തിന്റെയും പ്രവർത്തനക്ഷമത ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞില്ല.

- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
- റിപ്പയർ ചെയ്തതിന്റെയും, ഇന്ധനം വാങ്ങിയതിന്റെയും ബിൽ നമ്പർ, വൗച്ചർ നമ്പർ എന്നിവ യഥാക്രമം റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവയിൽ ചേർക്കുന്നില്ല.
- ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ മേൽ വ്യവസ്ഥയും കൃത്യമായി ഗ്രാമ പഞ്ചായത്തിൽ പാലിക്കപ്പെടുന്നില്ല. (ഉദാ:-8-7-2020 മുതൽ 20-7-2020 വരെ)
- ഓഫീസ് വാഹനത്തിന്റെ {Mahindra Scorpio(രജിസ്ട്രേഷൻ നം.- KL-49E-9999)} ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് 21.06.2018 ന് ശേഷം നടത്തിയിട്ടില്ല. സാക്ഷ്യപത്രത്തിന്റെ കാലാവധി 20.06.2019 വരെ മാത്രമാണ്.

വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.14/20-07-2020) നൽകിയതിൽ രജിസ്റ്ററുകൾ കൃത്യമാക്കി സൂക്ഷിക്കുന്നതാണെന്നും, ഫ്യൂൽ കൺസംപ്ഷൻ ടെസ്റ്റ് യഥാസമയം നടത്തുന്നതാണെന്നും ഉള്ള മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് മേൽ പറഞ്ഞ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

## 1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

താഴെ പറയുന്ന പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ | ചെലവ് | ബിൽ നം./ വൗച്ചർനം.& തിയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 149/20, തെരുവ് നായക്കളുടെ വന്ധ്യകരണം | 350000 (തനത് ഫണ്ട്) | 350000 | 21900579/ 04.09.2019 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി, പാലക്കാട് |

മേൽ പറഞ്ഞ പ്രോജക്റ്റ് പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 15/22-07-2020)

## 1-25 എസ്.എസ്.കെ പ്രോജക്ടുകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക, മെച്ചപ്പെട്ട അദ്ധ്യയനത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യമൊരുക്കൽ എന്നീ ലക്ഷ്യങ്ങളോടെയാണ്

എസ്.എസ്.കെ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളത്. രണ്ടു വർഷങ്ങളിലെ ചെലവുവിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | ആകെ ചെലവ് തുക / Proposed Plan പ്രകാരം തുക | പഞ്ചായത്ത് വിഹിതം നൽകിയത് |
|---|---|---|
| 2018-19 | 4489800 | 1796120 |
| 2019-20 | 4948000 | 18,00000 |
| ആകെ | 9437800 | 3596120 |

വിദ്യാഭ്യാസ മേഖലയിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് മേഖലയിലെ എല്ലാ സ്കൂളുകൾക്കും അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്. പദ്ധതി വിഹിതം പ്രയോജനപ്പെടുത്തി അടിസ്ഥാനസൗകര്യ വികസനത്തിനുതകുന്ന വിവിധ പ്രോജക്ടുകൾ തൻവർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ എസ്.എസ്.കെ ഫണ്ടിന്റെ ചെലവു പത്രികകൾ പ്രകാരം പശ്ചാത്തലസൗകര്യ വികസന പദ്ധതികൾ പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് എസ്. എസ്. കെ ഫണ്ട് വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം 2/14.07.2020 പ്രകാരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടിയായി ഗ്രാമപഞ്ചായത്തിൽ ആസ്തി വികസനത്തിനുതകുന്ന വ്യത്യസ്ത പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതായി മറുപടി തന്നിട്ടുണ്ട്.

എസ്.എസ്.കെ നടപ്പിലാക്കിയ പ്രവർത്തികൾ വിദ്യാഭ്യാസം വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തിട്ടില്ല. എസ്.എസ്.കെ യ്ക്ക് നൽകുന്ന തുകകൾ ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## <u>1-26 ലൈഫ് പദ്ധതി അവലോകനം</u>

സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ; പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ പട്ടിക അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതി പ്രകാരം ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>ഒന്നാം ഘട്ടം</u>

ഒന്നാം ഘട്ട ഭവന നിർമ്മാണത്തിനായി ജനറൽ എസ്.സി വിഭാഗങ്ങളിലായി ആകെ 22 ഗുണഭോക്താക്കളാണണ്ടായിരുന്നത്. ഇവരിൽ 20 ഗുണഭോക്താക്കൾ 2017-18 സാമ്പത്തിക വർഷത്തിൽ തന്നെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 2 ഗുണഭോക്താക്കൾ 2018-19 വർഷത്തിലും ഭവന നിർമ്മാണം പൂർത്തീകരിച്ചു.

<u>രണ്ടാം ഘട്ടം- ലക്ഷ്യം</u>

സ.ഉ (കൈ) നം.34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2019-20 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. നിലവിൽ 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്കും അവസാന ഗഡു നൽകാവുന്നതാണ്.

<u>ഭവന നിർമ്മാണം - യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാഗക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19,2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19, 2019-20 വർഷങ്ങളിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

